**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1163** **15-10-2026-ൽ മറുപടിയ്ക്ക്**

**ദേശീയപാത 66-ൽ ലെ അപകടങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ദേശീയപാത 66-ൽ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനം നടക്കുന്നതുമൂലം തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ദേശീയപാതകളിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നതിന് അമിതവേഗത, അശ്രദ്ധകരവും അപകടകരവുമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, ഹെൽമറ്റ്/സീറ്റ് ബെൽറ്റ് ഉപയോഗിക്കാതിരിക്കൽ, തെറ്റായ ഓവർ ടേക്കിംഗ്, ലെയിൻ നിയമ ലംഘനം, ഡ്രൈവർമാരുടെ ഉറക്കക്ഷീണം, ഡ്രൈവിംഗ് ചെയ്യുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത്, റോഡരികിലെ അനധികൃത പാർക്കിംഗ്, കാൽനടയാത്രക്കാരുടെ സുരക്ഷാ പ്രശ്നങ്ങൾ, റോഡ് നിർമ്മാണ/ അറ്റകുറ്റപ്പണി പ്രവർത്തനങ്ങൾ, വളവുകൾ, കയറ്റിറക്കങ്ങൾ, മതിയായ തെരുവ് വിളക്കുകളുടെ അഭാവം, ട്രാഫിക് സിഗ്നലുകളുടെയും മുന്നറിയിപ്പ് സംവിധാനങ്ങളുടെയും അപര്യാപ്തത, പ്രതികൂല കാലാവസ്ഥ തുടങ്ങിയ വിവിധ കാരണങ്ങളാണ് പ്രധാനമായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

**(ബി)** ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുടെയും സംസ്ഥാന പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വിളിച്ച് സുരക്ഷാ നിർദ്ദേശങ്ങളിൽ ആവശ്യമായ പരിഷ്കാരം വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സുപ്രീം കോടതി, സുവോ മോട്ടോ റിട്ട് പെറ്റീഷൻ(സി) നം. 9/2025 മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശപ്രകാരം ദേശീയപാതകളിലെ അപകടങ്ങൾ തടയുന്നതിലേക്കായി എല്ലാ ജില്ലകളിലും District Highways Safety Task Force കൾ രൂപീകരിച്ച് അതത് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവച്ചിട്ടുണ്ട്.

തൃശ്ശൂർ കൈപ്പമംഗലത്തെ അപകടത്തിന്റെ പശ്ചാത്തലത്തിൽ 08.09.2026 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, ദേശീയപാത അതോറിറ്റി റീജീയണൽ ഓഫീസർ എന്നിവർ ഉൾപ്പെടുള്ളവരുടെ ഒരു ഉന്നതതല യോഗം വിളിച്ച് ചേർക്കുകയും ദേശീയപാത നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മദ്രാസ് ഐ.ഐ.ടി.-യിലെ സെന്റർ ഓഫ് എക്സലൻസ് ഫോർ റോഡ് സേഫ്റ്റി (CoERS) വികസിപ്പിച്ചെടുത്ത 'സഞ്ജയ്' - ഫീൽഡ് പെർസെപ്ഷൻ സർവേ (FPS) ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി റോഡ് സുരക്ഷാ സംവിധാനം രൂപീകരിക്കുന്ന വിഷയം പരിശോധിച്ച് വരുന്നുണ്ട്.

**(സി)** തൃശ്ശൂർ കയ്പമംഗലത്ത് ദേശീയപാതയിലുണ്ടായ അപകടത്തിൽ വിദ്യാർത്ഥികൾ ഉൾപ്പെടെ എട്ട് പേർ മരണപ്പെട്ട സംഭവത്തിൽ ദേശീയപാത അതോറിറ്റി എന്ത് വിശദീകരണമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

**മറുപടി:** നിരോധിത സ്ഥലത്ത് അതായത് പ്രധാന പാതയിൽ (MCW) ഡൈവേർഷന് സമീപം നിയമവിരുദ്ധമായി പാർക്ക് ചെയ്തിരുന്ന ട്രക്കും, അനുവദനീയമായ വേഗത പരിധിയിലധികം വേഗത്തിൽ വന്ന കിയ സെൽറ്റോസ് (Kia Seltos) കാറുമാണ് അപകടത്തിൽ പെട്ടതെന്നാണ് പ്രാഥമിക നിരീക്ഷണങ്ങൾ സൂചിപ്പിക്കുന്നതെന്നും പ്രാദേശിക അന്വേഷണങ്ങൾ അനുസരിച്ച്, അമിതവേഗതയിലായിരുന്ന കാർ നിയമവിരുദ്ധമായി പാർക്ക് ചെയ്തിരുന്ന ട്രക്കിലേക്ക് ഇടിച്ചു കയറുകയായിരുന്നുവെന്നും അപകടസ്ഥലത്തിന് മുൻപിലായി മുൻകൂർ വിവരങ്ങൾ നൽകുന്ന സൈൻബോർഡും 50 കി.മീ വേഗപരിധി കാണിക്കുന്ന ബോർഡുകളും സ്ഥാപിച്ചിട്ടുണ്ടായിരുന്നുവെന്നും എന്നിരുന്നാലും, അപകടത്തിന്റെ കൃത്യമായ കാരണവും സാഹചര്യങ്ങളും പോലീസ് അന്വേഷണത്തിന്റെ കണ്ടെത്തലുകൾക്ക് വിധേയമായിരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**